വഴിവെളിച്ചം

# ജീവന്റെ വില

عَن أَنَس رَضِي اللَّهُ عنه قَالَ: قَالَ رَسُولُ اللَّهِ ﷺ: لاَ يَتَمَنَّيَنَّ أَحَدُكُمُ الْمَوْتَ لِضُرٍّ أَصَابَهُ فَإِنْ كَانَ لاَبُدَّ فَاعِلاً فَلْيَقُلْ : اَللَّهُمَّ أَحْيِنِي مَا كَانَتِ الْحَيَاةُ خَيْرًا لِي وَتَوَفَّنِي إِذَا كَانَتِ الْوَفَاةُ خَيْرًا لِي.

അനസി(റ)ൽനിന്ന്: നബി(സ) പറഞ്ഞു: "തന്നെ ബാധിച്ച വിഷമത്തിന്റെ പേരിൽ നിങ്ങളിലാരും മരണം കൊതിക്കരുത്. അങ്ങനെ കൊതിക്കുന്നത് അനിവാര്യമായ സാഹചര്യത്തിൽ, അവൻ പറയേണ്ടത് ഇങ്ങനെയാണ്: "അല്ലാഹുവേ, എനിക്ക് ജീവിതമാണ് ഉത്തമമെങ്കിൽ എന്നെ നീ ജീവിപ്പിക്കേണമേ. അല്ല, മരണമാണ് ഉത്തമമെങ്കിൽ എന്നെ നീ മരിപ്പിക്കേണമേ" (ബുഖാരി, മുസ്‌ലിം).

**ഈ** ഭൂമുഖത്ത് എത്രകാലം വരെ ജീവിക്കണമെന്നും എപ്പോൾ ഇവിടെനിന്ന് പോകണമെന്നും തീരുമാനിക്കാനുള്ള അവകാശം മനുഷ്യനില്ല. ജീവൻ നൽകിയതാരോ അവനിലാണ് മടക്കി എടുക്കാനുള്ള അവകാശവും നിക്ഷിപ്തമായിട്ടുള്ളത്. മരണത്തിന്റെ കാര്യത്തിൽ സ്വയം തീരുമാനമെടുക്കാതെ അത് അല്ലാഹുവിന്റെ തീരുമാനത്തിനു വിടുകയാണ് വേണ്ടത്.

അടുത്തവരുടെ മരണത്താലും രോഗത്താലും മറ്റും ഈ ലോകത്തോട് യാത്രപറയാൻ കൊതിച്ചു ജീവിതകാലം നരകതുല്യമാക്കുന്നവരും ജീവഹത്യ ചെയ്യുന്നവരുമുണ്ട്. ഇത് വലിയ പാതകമാകുന്നു. ആത്മഹത്യയെ നിശിതമായി എതിർക്കുന്ന മതമാണ് ഇസ്‌ലാം. ജീവൻ അല്ലാഹുവിന്റെ അമാനത്താണെന്നാണ്

ഇസ്‌ലാമിന്റെ വീക്ഷണം. പ്രസ്തുത അമാനത്ത്, ഏത് വിധേനയും സംരക്ഷിക്കാനും നഷ്ടപ്പെടാതിരിക്കാനുമാണ് ശ്രദ്ധിക്കേണ്ടത്.

ചില സന്ദിഗ്ധ ഘട്ടത്തിൽ ഏത് വ്യക്തിയുടെയും മനസ്സിന്റെ താളം തെറ്റാം. അപ്പോൾ മനസ്സിനെ പിടിച്ചുനിർത്താൻ ശ്രമിക്കണം. നിത്യവുമുള്ള പ്രാർഥന മനസ്സിന് കരുത്ത് നൽകും. പ്രാർഥനക്ക് വളരെയധികം ഇസ്‌ലാം പ്രാധാന്യം നൽകുന്നുണ്ട്.

തനിക്ക് സംഭവിക്കുന്നത് ഗുണമായാലും ദോഷമായാലും അല്ലാഹുവിന്റെ പരീക്ഷണമാണെന്ന് സത്യവിശ്വാസി മനസ്സിലാക്കണം. ഇത് മനസ്സിലുറച്ചു കഴിയുമ്പോൾ, തന്നെ ബാധിക്കുന്ന സൗഭാഗ്യത്തെയും ദൗർഭാഗ്യത്തെയും സമചിത്തതയോടെ നേരിടാൻ വിശ്വാസിക്ക് കരുത്ത് ലഭിക്കും.

പ്രവാചകൻ(സ) പറഞ്ഞു: “സത്യവിശ്വാസിയുടെ കാര്യം അത്ഭുതം തന്നെ. അല്ലാഹു എന്ത് വിധിച്ചാലും അയാൾക്ക് അത് ഗുണകരമായേ വരൂ. ദുസ്ഥിതി ബാധിച്ചാൽ അയാൾ ക്ഷമിക്കും. അതയാൾക്ക് ഗുണമാകും. സുസ്ഥിതി വന്നാൽ അയാൾ നന്ദികാണിക്കും. അതും അയാൾക്കു ഗുണമാവും. സത്യവിശ്വാസിക്ക് മാത്രമേ ഇങ്ങനെ വരൂ” (ബുഖാരി, മുസ്‌ലിം).

ഈ വിലയേറിയ ജീവിതം ഒരു വിലയുമില്ലാത്ത രീതിയിൽ കൈകാര്യം ചെയ്യുന്നത് തെറ്റാണെന്ന് മനസിലാക്കാത്തവർക്ക് പറ്റുന്ന അബദ്ധമാണ് ആത്മഹത്യ.

ഒരു സംഭവകഥ: ആഡംബര കപ്പൽ ലണ്ടനിൽനിന്ന് ന്യൂയോർക്കിലേക്ക് യാത്രയായി. പുറംകടലിൽ എത്തിയപ്പോൾ, ദൗർഭാഗ്യം കൊടുങ്കാറ്റിന്റെ രൂപത്തിലെത്തി. കപ്പൽ ആടിയുലയാൻ തുടങ്ങി. ജനം തിക്കും തിരക്കുമായി ലൈഫ് ബോട്ടിൽ കയറി.

വൃദ്ധനായ ഒരു കോടീശ്വരന് ലൈഫ് ബോട്ടിൽ സീറ്റ് കിട്ടിയില്ല. കോട്ടിന്റെ ഉള്ളിൽനിന്ന് ബ്ലാങ്ക് ചെക്ക് എടുത്തുകാട്ടി കോടീശ്വരൻ കേണു പറഞ്ഞു: “ഇതാ..... എന്റെ ബ്ലാങ്ക് ചെക്ക്. കോടികൾ എന്റെ അക്കൗണ്ടിലുണ്ട്. ഇത് വാങ്ങൂ. പകരം, ഒരു സീറ്റ് തരൂ!” ഉടൻ രക്ഷാബോട്ടിൽനിന്നൊരാൾ ആക്രോശിച്ചു: “താങ്കൾക്കെന്താ ഭ്രാന്തുണ്ടോ? ഈ ലോകത്തിലെ സ്വർണഖനികൾ മുഴുവൻ തന്നാലും അതിന് പകരം ജീവൻ നൽകാൻ സാധിക്കുമോ?”

ജീവിതമാണ് ഏറ്റവും വലുത്. അതോർക്കാതെ വിലയേറിയ ജീവിതം ഒരു വിലയുമില്ലാത്ത നിലയിൽ കൈകാര്യം ചെയ്യുന്നത് മൗഢ്യമാണ്. വിലയേറിയ ജീവിതം വിലയുള്ളതാക്കാൻ ശ്രമിക്കുന്നതിനുള്ള വഴികളാണ് ഖുർആനും ഹദീസും നമുക്ക് കാണിച്ചുതരുന്നത്. ■

**അബ്ദുൽ ജബ്ബാർ, കൂരാരി**